**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 670** **11-06-2024 - ൽ മറുപടിയ്ക്ക്**

**കുന്നത്തറ ടെക്സ്റ്റൈൽസ് ഭൂമി ഏറ്റെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി കുന്നത്തറ ടെക്സ്റ്റൈൽസ് ഭൂമി സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഭൂമി ഏറ്റെടുക്കാൻ സർക്കാർ ഇതുവരെ തീരുമാനിച്ചിട്ടില്ല. അടച്ചു പൂട്ടിയ കുന്നത്തറ ടെക്സ്റ്റൈൽസ് ബഹു.ഹൈക്കോടതിയുടെ ഉത്തരവിനാൽ ലിക്വിഡേഷനിലാണ്. സ്ഥാപനത്തിന്റെ ആസ്തികൾ ഏറ്റെടുത്ത് വിൽക്കുന്നതിന് ബഹു. കോടതി ഒഫിഷ്യൽ ലിക്വിഡേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അടച്ചു പൂട്ടിയ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി ഉപയോഗപ്പെടുത്തി ബദൽ പദ്ധതി രൂപീകരിക്കുന്നത് സംബന്ധിച്ച് യോഗം ചേരുകയും ഭൂമി ഉപയോഗപ്പെടുത്താൻ സ്ഥാപനത്തിന്റെ പേരിലുള്ള ബാധ്യതകൾ തീർപ്പാകുന്ന മുറയ്ക്ക് സർക്കാരിന്റെ 'ഒരു ലക്ഷം സംരംഭങ്ങൾ' പോലുള്ള പദ്ധതികളിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് അനുയോജ്യമായ പദ്ധതികൾ സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കമ്പനിയുടെ നിലവിലെ ബാധ്യത പലതും സർക്കാർ നേരിട്ട് കൊടുക്കുമ്പോൾ ഒഴിവാക്കാൻ കഴിയുന്നതും ചിലത് ഗണ്യമായി കുറക്കാൻ കഴിയുന്നതുമായതിനാൽ പ്രസ്തുത ഭൂമിയും അനുബന്ധ വസ്തുക്കളും ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാവുമോ; വ്യക്തമാക്കാമോ? | (ബി) | ഭൂമി ഏറ്റെടുക്കാൻ സർക്കാർ ഇതുവരെ തീരുമാനിച്ചിട്ടില്ല. അടച്ചു പൂട്ടിയ കുന്നത്തറ ടെക്സ്റ്റൈൽസ് ബഹു.ഹൈക്കോടതിയുടെ ഉത്തരവിനാൽ ലിക്വിഡേഷനിലാണ്. സ്ഥാപനത്തിന്റെ ആസ്തികൾ ഏറ്റെടുത്ത് വിൽക്കുന്നതിന് ബഹു. കോടതി ഒഫിഷ്യൽ ലിക്വിഡേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അടച്ചു പൂട്ടിയ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി ഉപയോഗപ്പെടുത്തി ബദൽ പദ്ധതി രൂപീകരിക്കുന്നത് സംബന്ധിച്ച് യോഗം ചേരുകയും ഭൂമി ഉപയോഗപ്പെടുത്താൻ സ്ഥാപനത്തിന്റെ പേരിലുള്ള ബാധ്യതകൾ തീർപ്പാകുന്ന മുറയ്ക്ക് സർക്കാരിന്റെ 'ഒരു ലക്ഷം സംരംഭങ്ങൾ' പോലുള്ള പദ്ധതികളിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് അനുയോജ്യമായ പദ്ധതികൾ സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ